DESPATCHED
On...15/06/2020

20/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2315(*2)/2018*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.11420/*എസ്.ഐ.സി-ജി 6/18*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ. ശാമുവൽ എം.കെ
മനക്കൽ വീട്
വെണ്മണി.പി.ഒ
ചെങ്ങന്നൂർ
ആലപ്പുഴ–689 509
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഡെപ്യൂട്ടി സെക്രട്ടറി
അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം
എറണാകുളം
കേരള–682 031
2. അപ്പീൽ അധികാരി ആന്റ്
ജോയിന്റ് സെക്രട്ടറി
അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം
എറണാകുളം
കേരള–682 031

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.08.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.08.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 05.09.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 18.09.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.09.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12.10.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.02.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 17.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020, ബാങ്കറ്റ് ഹാൾ ഗസ്റ്റ് ഹൗസ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കിയില്ലെന്നും ആയതി നാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 07.08.2018-ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ ടിയാന്റെ 05.06.2018 ലെ പരാതിക്ക് സർക്കാരിന് നിയമോപദേശം കൊടുത്തതിന്റെ പകർപ്പ് നൽക ണമെന്നും, ഇനം 2 ൽ ടി നിയമോപദേശത്തിൻമേൽ നടപടികൾ നടപ്പിലാക്കി നൽകേ ണ്ടത് സംബന്ധിച്ച് വിവരം നൽകണമെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങ ളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക്14.08.2018 ന് എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 05.09.2018-ന് അപ്പീൽ നൽകുകയും ആയ തിന് 18.09.2018 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ വ്യക്തി കൾക്ക് നിയമോപദേശം നൽകേണ്ടത് ബഹു. അഡ്വക്കേറ്റ് ജനറലിന്റെയോ, അഡ്വക്കേറ്റ് ജനറലിന്റെയോ കാര്യാലയത്തിന്റെയോ ചുമതലയിൽപെട്ടതല്ലെന്നും, സർക്കാർ ആവശ്യ പ്പെടുന്ന വിഷയങ്ങളിൽ നിയമോപദേശം കൊടുക്കേണ്ട ചുമതല മാത്രമേ ബഹു. അഡ്വ ക്കേറ്റ് ജനറലിൽ നിക്ഷിപ്തമായിട്ടുള്ളുവെന്നും, ടി കാര്യാലയത്തിൽ നിന്നും ഹർജിക്കാ രൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളൊന്നും നൽകുവാൻ നിർവാഹമില്ലായെന്ന് അപ്പീൽ അധികാരിക്ക് ബോധ്യപ്പെട്ടതിനാൽ എസ്.പി.ഐ.ഒ നൽകിയ മറുപടി ശരി വെച്ചുകൊണ്ട് അപ്പീൽ ഹർജി നിരസിക്കുന്നുവെന്നാണ്.

4. 17.02.2020 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെടുന്ന നിയ മോപദേശം ടി കാര്യാലയത്തിൽ നിന്നും നൽകിയിട്ടില്ലാത്തതിനാലാണ് മറുപടിയിൽ പ്രസ്തുത ഉത്തരം നൽകിയതെന്നാണ് ബോധിപ്പിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയ തായി കമ്മീഷന് ബോധ്യപ്പെട്ടതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഇന്നേ ദിവസം 2020 മേയ് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കു ന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM